(4) പാലക്കാട് ജില്ലയിലെ കുന്തിപ്പുഴയിൽ എടപ്പലം-മൂർക്കനാട് പാലം

ശ്രീ. സി. പി. മുഹമ്മദ്: സർ, ആയിരക്കണക്കിന് വിദ്യാർത്ഥികളും ജനങ്ങളും അപകടകരമായ വിധത്തിൽ തോണിയാത്ര നടത്തുന്ന, ഏതു സമയത്തും ഗുരുതരമായ അപകടം ക്ഷണിച്ചുവരുത്താൻ സാദ്ധ്യതയുള്ള പാലക്കാട് ജില്ലയിലെ വിളയൂരിലെ കുന്തിപ്പുഴയ്ക്ക് കുറുകെയുള്ള മൂർക്കനാടുമായി ബന്ധിപ്പിക്കുന്ന പാലം അടിയന്തിരമായി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി എന്റെയും മങ്കട എം.എൽ.എ.-യുടെയും ബന്ധം സുദൃഢമാക്കാൻ പാലം ഉടൻ പണിയുമെന്ന് വാക്കു തന്നതാണ്. അത് പാലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിനും മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിനും ഇടയിൽ ഒരു തൂക്കുപാലം നിർമ്മിക്കാൻ 25 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതിക്ക് വിളയൂർ ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകി. പക്ഷേ വേണ്ടത്ര പണം മൂർക്കനാട് പഞ്ചായത്ത് വകകൊള്ളിക്കാത്തതുകൊണ്ട് ആ പദ്ധതി നടപ്പിലായില്ല. ഈ സ്ഥലം യഥാർത്ഥത്തിൽ പൊതുമരാമത്തു വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. അത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായ് ആലോചിച്ച് ഏറ്റെടുക്കാൻ പറ്റുമെങ്കിൽ ഏറ്റെടുത്ത് ആ പാലം പണിയുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(5) ചേലക്കര നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ കഴിഞ്ഞ 5, 6 തീയതികളിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ തലപ്പള്ളി താലൂക്കിലും എന്റെ മണ്ഡലത്തിലും വമ്പിച്ച നാശനഷ്ടങ്ങളാണുണ്ടായത്. ആയിക്കണക്കിന് ഏക്കർ കൃഷിഭൂമി നഷ്ടപ്പെടുകയുണ്ടായി. നൂറുകണക്കിന് ആളുകൾക്ക് പാർപ്പിടവും വിലപിടിച്ച വസ്തുക്കളും നഷ്ടപ്പെട്ടു. കുറേ ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിലാണ് കഴിയുന്നത്. ഇതുവരെയായിട്ടും യാതൊരു സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അവർക്ക് ഉണ്ടായിട്ടില്ല. അടിയന്തിരമായി അവർക്കുവേണ്ട ആശ്വാസ നടപടികളും സാമ്പത്തിക സഹായവും നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, തലപ്പള്ളി താലൂക്കിലെ ഈ പറഞ്ഞ പ്രദേശത്ത് 32 വീടുകൾ പൂർണ്ണമായും 286 വീടുകൾ ഭാഗികമായും നഷ്ടപ്പെടുകയുണ്ടായി. ഭാഗികമായി നഷ്ടപ്പെട്ട വീടുകൾക്ക് 5,000 രൂപ വച്ചും പൂർണ്ണമായി നഷ്ടപ്പെട്ട വീടുകൾക്ക് 15,000 രൂപ വച്ചും നഷ്ടപരിഹാരം ഉടൻതന്നെ കൊടുക്കുന്നതാണ്. 340 ഹെക്ടർ നെൽക്കൃഷിക്ക് നാശമുണ്ടായി. മറ്റ് മേഖലകളിലും കൃഷിനാശം ഉണ്ടായിട്ടുണ്ട് ഇതെല്ലാംകൂടി

LIBRARY ARCHIVES Kerala Legislative Assembly

1,19,48,000 രൂപയുടെ നഷ്ടം കാർഷികമേഖലയ്ക്ക് ഉണ്ടായിട്ടുണ്ട്. അത് ഉടൻതന്നെ നിയമാനുസൃതമായ മാനദണ്ഡങ്ങളനുസരിച്ച് കാർഷികമേഖലയ്ക്ക് നൽകും. റോഡുകൾക്ക് ഒരു കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ 60,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിനൊക്കെ നിയമ പ്രകാരമുള്ള നഷ്ടപരിഹാരം ഉടൻതന്നെ എത്തിക്കാൻ ശ്രദ്ധിക്കാം.

(6) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയതിന്റെ ആനുകൂല്യം ലഭിക്കാത്തതും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതും സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: സർ, നമ്മുടെ സംസ്ഥാനത്ത് ഉദ്യോഗസ്ഥ പുനർവിന്യാസം മൂലം നിയമനനിരോധനം ഉണ്ടായിരിക്കുന്ന കാരണത്തിന്റെ പേരിൽ പി.എസ്.സി.-യുടെ ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് നാനൂറോളം ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ട്. അത് പി.എസ്.സി. അനുകൂലിക്കാത്തതുകൊണ്ട് ഉദ്യോഗാർത്ഥികൾ എല്ലാവരും ഇന്ന് ഒന്നുമില്ലാത്ത അവസ്ഥയിൽ എത്തിയിരിക്കുകയാണ്. പല ലിസ്റ്റുകളും—വനിതാ പോലീസ് റാങ്ക് ലിസ്റ്റ് അടക്കമുള്ള ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ ഉദ്ദേശിച്ചു. ഡിസംബർ 31-ന് തീരുന്ന കാലാവധി ജൂൺ 30 വരെ ഉണ്ടായിരുന്നതാണ്. പക്ഷെ ഫെബ്രുവരി 4-ാം തീയതി കാലാവധി തീർന്നു എണാണ് പി.എസ്.സി. അറിയിച്ചിരിക്കുന്നത്. ഇത് വളരെ വ്യാപകമായി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് കടുത്ത വേദന ഉണ്ടാക്കിയിട്ടുണ്ട്. പുതിയ ലിസ്റ്റ് വരുമ്പോൾ രണ്ട്, മൂന്ന്, നാല് കൊല്ലം കഴിയും. ഇപ്പോൾ ഒഴിവുകൾ നികത്താതെ കിടക്കുകയും ചെയ്യുന്നു. ഇത് ഫലത്തിൽ ചെറുപ്പക്കാരോട് ചെയ്യുന്ന കടുത്ത ക്രൂരതയാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല എന്നാണ് പരക്കെയുള്ള ആക്ഷേപം. പലപ്രാവശ്യം നിയമസഭയിൽ ചർച്ച ചെയ്തതാണ്. ബന്ധപ്പെട്ട വകുപ്പു തലവൻമാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥ വരുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അങ്ങയോടും ഞാൻ പറയുന്നത് ഇതിനൊരു കമ്മിറ്റി വേണം. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കുന്ന കാര്യം മന്ത്രി ശ്രദ്ധിക്കണം. കേരളത്തിലെ ചെറുപ്പക്കാരെ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നം തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കേഴുന്ന അനേകലക്ഷം ചെറുപ്പക്കാരുടെ നാട്ടിൽ അവർക്ക് ചെറിയ ആശ്വാസം കൊടുക്കാൻ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly